# ഉടലറിവും വക്രോക്തിജീവിതവും

**ശരത് ചന്ദ്രൻ**
മലയാളവിഭാഗം
ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്,
തവനൂർ, കാലടി പി. ഒ.
മറവഞ്ചേരി, മലപ്പുറം - 679 582
Email: sarathnjallothu@gmail.com

**സംഗ്രഹം**

വ്യക്തിയുടെ ശരീരവും ഭൗതികചുറ്റുപാടുകളും തമ്മിലുള്ള ഇടപെടലിന്റെ ഭാഗമായിട്ടാണ് സങ്കല്പനപ്രക്രിയകൾ നടക്കുന്നതും ധൈഷണികവൃത്തികൾ നിലനില്ക്കുന്നതും എന്ന പരികല്പനയെ ആധാരമാക്കിയാണ് പ്രബന്ധം രചിച്ചിട്ടുള്ളത്. ധൈഷണിക ശാസ്ത്രങ്ങൾ മുന്നോട്ടുവെയ്ക്കുന്ന പ്രധാനപ്പെട്ട പരികല്പനകളിലൊന്നാണ് അറിവിന്റെ ആധാരം ശരീരമാണ് എന്നത്. ശരീരത്തെ അടിസ്ഥാനമാക്കി അല്ലെങ്കിൽ, ശരീരത്തിലൂടെയാണ് നാം ലോകത്തെ അനുഭവിക്കുന്നത്. ശരീരത്തിൽ നിന്നാണ് അർഥവും ഉല്പാദിപ്പിക്കുന്നത്. സാഹിത്യത്തെ സംബന്ധിച്ചും ഭാഷയിലൂടെ വായനക്കാർക്കു ലഭിക്കുന്ന അവബോധമാണ് അർഥം. ഇതു ചിലപ്പോൾ ഒരു പദത്തിൽനിന്നോ വാക്യത്തിൽനിന്നോ ഒരു പ്രകരണത്തിലൂടെയോ ആവാം. എഴുത്തുകാരും വായനക്കാരും തമ്മിൽ നടക്കുന്ന വിനിമയത്തിലൂടെ സൃഷ്ടിക്കുന്ന അറിവാണ് സാഹിത്യാർഥം. ഇത് ഉടലറിവിന്റെ അടിസ്ഥാനത്തിലാണ് ഉരുവപ്പെടുന്നത് എന്നതാണ് ഈ പ്രബന്ധം മുന്നോട്ടുവെയ്ക്കുന്ന പ്രധാന പരികല്പന. ഈയൊരു പരികല്പനയുടെ അടിസ്ഥാനത്തിലാണ് സാഹിത്യസിദ്ധാന്തമായ വക്രോക്തിയെ സമീപിക്കുന്നത്.

**താക്കോൽവാക്കുകൾ:** ഉടലറിവ്, ധൈഷണികത, ബിംബശൃംഖല, വക്രോക്തി, സങ്കല്പനം

I

മനുഷ്യർ ജീവിതാനുഭവങ്ങളിലൂടെ ആർജിച്ചെടുക്കുന്ന അറിവാണ് സങ്കല്പനം എന്നു പറയുന്നത്. വിവിധ തരത്തിലുള്ള സങ്കല്പനങ്ങളിലൂടെ നേടിയെടുക്കുന്ന ജ്ഞാനത്തിന്റെ ഘടനയെയാണ് ബിംബവ്യവസ്ഥ/ ജ്ഞാനമാതൃക എന്നു വിളിക്കുന്നത്. നമ്മുടെ ഇന്ദ്രിയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മസ്തിഷ്കത്തിൽ രേഖപ്പെടുത്തി വയ്ക്കുന്ന ഏറ്റവും പ്രാഥമികമായ വിവരങ്ങളുടെ ഘടനയാണ് ബിംബശൃംഖലകൾ. എല്ലാ സംഭവങ്ങൾക്കും വസ്തുക്കൾക്കും ബിംബശൃംഖലകളുടേതായ ചില ഘടന പൊതുവായിട്ട് ഉണ്ടായിരിക്കും. അവ ചേർന്നാണ് അതിനെക്കുറിച്ചുള്ള ജ്ഞാനമാതൃകയെ രൂപീകരിക്കുന്നത്. ലളിതമായ ബിംബശൃംഖലകൾ ഉപയോഗിച്ച് പിന്നീട് കൂടുതൽ സങ്കീർണതകളിലേക്കു പോകുകയും ചെയ്യുന്നു. ശരീരത്തെ അർഥത്തിലേക്കു നയിക്കുന്നതിൽ ബിംബശൃംഖലകൾ പ്രധാന പങ്കുവഹിക്കുന്നു. അനുഭവങ്ങളെ ദൃശ്യപരമായി നിർമ്മിക്കുന്നതിനുള്ള മാർഗങ്ങളിലൊന്നാണിത്. ഇവിടെ സങ്കല്പനപരമായ അടയാളപ്പെടുത്തലാണു നടക്കുന്നത്. ബിംബശൃംഖലകൾ ഉണ്ടാകുന്നത് ഉടലറിവിന്റെ അടിസ്ഥാനത്തിലാണ്. ഒരു വാക്കും അതു സൂചിപ്പിക്കുന്ന ആശയവും തമ്മിലുള്ള ബന്ധത്തെ ഉടലറിവിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ സഹായിക്കുകയാണ് ബിംബശൃംഖലകൾ ചെയ്യുന്നത്.

ഒരു വാക്കുമായോ ഒരു ആശയവുമായോ ബന്ധപ്പെട്ട് ഇത്തരത്തിലുള്ള നിരവധി ബിംബശൃംഖലകൾ കൂടിച്ചേർന്നാണ് ഒരു ജ്ഞാനമാതൃക രൂപപ്പെടുന്നത്. അതായത് ജ്ഞാനമാതൃക എന്നത് ബിംബശൃംഖലകളെ ഉൾക്കൊള്ളുന്ന വലിയൊരു കണ്ണിവ്യവസ്ഥയാണ്. ഇവ രണ്ടിനെയും എളുപ്പത്തിൽ മനസ്സിലാക്കാനുള്ള ഉദാഹരണമാണ്, ഓണവും അതുമായി ബന്ധപ്പെട്ടുവരുന്ന കോടി, പൂക്കളം, സദ്യ, കളികൾ എന്നിങ്ങനെയുള്ള നിരവധി ഘടകങ്ങളും. ഇവിടെ ഓണം എന്നത് ജ്ഞാനമാതൃകയാണ്. അതിനുള്ളിൽ അതുമായി ബന്ധപ്പെട്ടു നില്ക്കുന്ന പലതാണ് ഓണക്കോടി, ഓണപ്പൂക്കളം, ഓണസദ്യ, ഓണക്കളികൾ എന്നിങ്ങനെയുള്ളവ. പലർക്കും ഇത് പല തരത്തിലായിരിക്കും എങ്കിലും പൊതുവെ ഓണത്തിനെ മനസ്സിലാക്കുന്നത് ഇത്തരം ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇവ ചേർന്നാണ് ഓണം എന്നതിനു പൂർണത നല്കുന്നത്. ഇത്തരത്തിൽ ഓണവുമായി ബന്ധപ്പെട്ടുനില്ക്കുന്ന പല ഘടകങ്ങളാണ് ബിംബശൃംഖലകൾ. ഇവിടെ ഓണക്കോടി അല്ലെങ്കിൽ ഓണസദ്യയെ ഓണം എന്ന ജ്ഞാനമാതൃകയുടെ സഹായത്തോടുകൂടിമാത്രമേ മനസ്സിലാക്കാൻ കഴിയൂ. ഓരോ വിഭാഗം ജനങ്ങളും വ്യത്യസ്തമായ ബിംബശൃംഖലകളോടുകൂടി ഓണം എന്ന ജ്ഞാനമാതൃകയെ രൂപീകരിക്കുന്നു. ഓണം എന്നു കേൾക്കുമ്പോൾ ലഭിക്കുന്ന അർഥമാണ് ജ്ഞാനമാതൃകയിലൂടെ സൃഷ്ടിക്കുന്നത്.

വളരെ വലിയ ബിംബശൃംഖലകൾ ഉൾക്കൊള്ളുന്ന ഒരു കണ്ണിവ്യവസ്ഥയായിരിക്കും ജ്ഞാനമാതൃക. അതിനുള്ളിൽ പല ഘടകങ്ങളുമായി ബന്ധപ്പെട്ട ബിംബശൃംഖലകൾ ഉണ്ടാവാം. ഇവ ചേർന്നാണ് ജ്ഞാനമാതൃകയെ രൂപപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ ബിംബശൃംഖലകൾ മാറുന്നതനുസരിച്ച് ജ്ഞാനമാതൃകയും മാറുന്നു. ഇത് ഇന്ദ്രിയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നേടിയെടുക്കുന്ന ഒന്നാണ്. എണ്ണമറ്റ ബിംബശൃംഖലകൾ ഒരു ജ്ഞാനമാതൃകയിൽ ഉണ്ടാവാം. ഇവ തമ്മിലുള്ള വ്യത്യാസം, ജ്ഞാനമാതൃക ഒരു കണ്ണിവ്യവസ്ഥ ഉപയോഗിച്ച് അർഥത്തെ മനസ്സിലാക്കാനും അതിനുള്ളിലെ മറ്റുള്ളവയുമായുള്ള ബന്ധം മനസ്സിലാക്കാനുമാണു സഹായിക്കുന്നത്. ഉദാഹരണത്തിന്, 'തിന്നുക' എന്ന പദം കേൾക്കുമ്പോൾ ഒരാൾക്ക്

 ISSN: 2582 - 2594

സ്വന്തം അനുഭവപശ്ചാത്തലത്തിൽ നില്ക്കുന്ന ഏറ്റവും അടുത്ത ഒരു ബിംബശൃംഖല ആദ്യം ഓർമ്മയിലെത്തുന്നു. പിന്നീട് മറ്റുള്ളവർ തിന്നുന്നതും പല ജീവജാലങ്ങൾ തിന്നുന്നതുമായ പല പല ബിംബശൃംഖലകൾ (അതുമായി ബന്ധപ്പെട്ട അറിവുകൾ ഉള്ളവർക്ക്) ഓർത്തെടുക്കാൻ കഴിയും. ഇവ ഓരോന്നും വ്യത്യസ്തമായിരിക്കും. ഇത്തരത്തിൽ ആ വാക്കുമായി ബന്ധപ്പെട്ട് അയാളുടെ ഉള്ളിലുള്ള ബിംബശൃംഖലകളെല്ലാം കൂടിച്ചേരുന്നതാണ് ആ വാക്കിനെക്കുറിച്ചുള്ള അയാളുടെ ജ്ഞാനമാതൃക. അതായത്, ഒന്നിനെക്കുറിച്ചുള്ള എല്ലാ അറിവുകളും ചേരുന്നതാണ് ജ്ഞാനമാതൃക. ഓരോരുത്തരും ഓരോ ഘടകത്തിനു പ്രാധാന്യം നല്കിക്കൊണ്ടാവും തങ്ങളുടെ ജ്ഞാനമാതൃക രൂപീകരിച്ചിട്ടുണ്ടാവുക. പക്ഷേ, ഒരു സംസ്കാരത്തിനകത്തുനിന്നു പരിശോധി ക്കുമ്പോൾ ഒരു പരിധിയിൽക്കവിഞ്ഞ് മാറാനുള്ള സാധ്യത കുറവാണ്. പല സന്ദർഭങ്ങളിലും സാർവലൗകികമായിട്ടുള്ള ജ്ഞാനമാതൃകയായിരിക്കും പലതിനും അടിസ്ഥാനം. കാരണം, മനുഷ്യരുടെ സമാനമായിട്ടുള്ള അവസ്ഥകളാവും പിന്നിൽ പ്രവർത്തിക്കുന്നത് എന്നതുതന്നെ. അവിടെയും ബിംബശൃംഖലകൾ പലരിലും തങ്ങളുടെ അനുഭവപശ്ചാത്തലത്തിനനുസരിച്ച് വൈവിധ്യത്തോടുകൂടി രൂപപ്പെടാം.

ഇതാണ് ഉടലറിവിനും അടിസ്ഥാനം. ഇവിടെ ശരീരം എന്നത് മനുഷ്യരുടെ സാംസ്കാരി കം, ഭൗതികം, ജൈവികം എന്നിങ്ങനെയുള്ള നിരവധി ഘടകങ്ങളുടെ ആകെത്തുകയാണ്. അങ്ങനെ ബിംബശൃംഖലകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന ജ്ഞാനമാതൃകയുടെ സഹായത്താൽ അറിവിനെ ഓർമ്മയിൽ സൂക്ഷിച്ചുവെക്കുന്നു. ഉടലറിവുമായി ബന്ധപ്പെട്ട അടിസ്ഥാന കാര്യങ്ങളെക്കുറിച്ച് ഗിരീഷ് പറയുന്നത് ഇപ്രകാരമാണ്: "ലോകബോധം ശരീ രത്തിൽനിന്ന് ആരംഭിക്കുന്നു. അറിവ് പ്രദാനംചെയ്യുന്നത് ശരീരമാണ്. മനുഷ്യശരീരത്തിന്റെ ഏകതാനമായ സ്വഭാവമാണ് സവിശേഷമായൊരു ലോകബോധം മനുഷ്യനു നൽകുന്നത്. അറിവ് ആർജിക്കുന്നതിനുള്ള മാധ്യമമാണ് ശരീരം. ജ്ഞാനാർജ്ജനം ബിംബാത്മകമാണ്. സവിശേഷാനുഭവങ്ങളുടെ ആവിഷ്കാരമായ ബിംബം, ചില അടിസ്ഥാനതലങ്ങളെ ഉൾക്കൊള്ളു ന്നുവെന്ന് ധൈഷണിക ഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. മസ്തിഷ്കത്തിന്റെ ധർമം ജ്ഞാ നാർജനമാണ്. നാഡീകോശങ്ങളിലൂടെയാണ് നാം ജ്ഞാനം ആർജിക്കുന്നത്. നമ്മുടെ യുക്തിയും സങ്കല്പനവും ശരീരാധിഷ്ഠിതമാണ്. മസ്തിഷ്കത്തിലെ നാഡികളാണ് ഒരു സങ്കല്പനം എപ്രകാരം ഉൾക്കൊള്ളണമെന്ന് തീരുമാനിക്കുന്നത്'" (2020:17). ഇതിൽനിന്നും മനുഷ്യരുടെ യുക്തിയും ശരീരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു കാണാം. പല തരത്തിലുള്ള ഉടലുക ളെക്കുറിച്ചും ഗിരീഷ് (2019:3-4) മാർക്ക് ജോൺസനെ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കുന്നുണ്ട്. സാഹചര്യങ്ങളുമായി ശരീരം ഇടപെടുന്നതിന്റെ അടിസ്ഥാനത്തിലുള്ള വർഗീകരണമാണിത്.

അർഥത്തിന്റെ അടിസ്ഥാനമാകുന്ന ഉടലറിവിനെ ഒരു ഉദാഹരണത്തിലൂടെ വ്യക്തമാ ക്കാം. 'അവൻ മുറിയിലാണ്'' എന്ന വാക്യം പരിശോധിച്ചാൽ, അവന്റെ ശരീരം പൊതുവെ നാലുചുവരുകളുള്ള ഒന്നിന്റെ ഉള്ളിലാണ് എന്നാണു മനസ്സിലാകുന്നത്. ഇവിടെ ശരീരമാണ് അകത്തുള്ളത്. അതിന് ഒരു അതിർത്തിയും പുറംഭാഗവും ഉണ്ട്. അതിർത്തി ശരീരത്തെ പു റംഭാഗത്തുനിന്നും വേർതിരിച്ചുനിർത്തുന്നു. അതായത്, പുറംലോകവുമായുള്ള അവന്റെ ബന്ധം ചുവരുകൾ മറച്ചിരിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നു. അതിനെ ഭേദിച്ചാൽ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ മറികടന്നാൽ മാത്രമേ പുറത്തേയ്ക്ക് എത്തിച്ചേരാൻ ശരീരത്തിനു കഴിയൂ.

പുറത്തുനിന്ന പൂട്ടിയിട്ടുള്ള മുറിയാണ് എങ്കിൽ തീർച്ചയായും മറ്റൊരാളുടെ സഹായവും ആവശ്യമാണ്. പുറത്ത് എത്തിക്കഴിഞ്ഞാൽ അവൻ മുറിയിലാണ് എന്ന വാക്യത്തിന് അർഥമില്ല. അപ്പോഴും പാത്രവ്യവസ്ഥയുടെ അടിസ്ഥാനത്തിൽതന്നെയാണ് സങ്കല്പനം നടക്കുന്നത്. അവിടെ ശരീരം മറ്റൊരു പാത്രവ്യവസ്ഥയിലേക്കു മാറുകയാണ് ചെയ്യുന്നത്. അത് വേറൊരു മുറിയോ, വീടോ, നാടോ ഒക്കെയാകാം. ഇത്തരത്തിൽ ശരീരം സ്ഥിതിചെയ്യുന്ന ഇടത്തെ അകം, പുറം, അതിര് എന്നിങ്ങനെയുള്ള ബിംബശൃംഖലയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന പാത്രവ്യവസ്ഥയിലാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പാത്രവ്യവസ്ഥയിലൂടെയാണ് നാം പല കാര്യങ്ങളും സങ്കല്പനം ചെയ്യുന്നത്. ഇവിടെ പുറത്ത് എത്തുമ്പോൾ അതിര് അകവുമായുള്ള ബന്ധം ഇല്ലാതാക്കുകയും മറ്റൊരു പാത്രത്തിനുള്ളിൽ നിലനിർത്തുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇതേ ബിംബവ്യവസ്ഥ ഉപയോഗിച്ചാണ് പിന്നീട് 'അവൻ ബസിലാണ്', 'അവൻ പ്രണയത്തിലാണ്', 'അവൻ സെമിനാറിലാണ്', 'അവൻ വിഷാദത്തിലാണ്', 'അവൻ കോമയിലാണ്' എന്നിങ്ങനെ ആയിരക്കണക്കിനു അർഥസാധ്യതയുള്ള പ്രയോഗങ്ങളിലേക്കു പോകുന്നത്. ഇവ കൂടിച്ചേർന്ന് ഒരു ജ്ഞാനമാതൃക രൂപപ്പെടുകയും ചെയ്യുന്നു.

നമ്മുടെ അടിസ്ഥാനധാരണകളെല്ലാം രൂപപ്പെട്ടിരിക്കുന്നത് ഇത്തരത്തിൽ ഒന്നോ ഒന്നിലധികമോ ആയ സ്ഥലപരമായ ധാരണകളുടെ അടിസ്ഥാനത്തിലാണ്. ഇവ ഓരോന്നിനും ആന്തരികമായ ബിംബശൃംഖലകളുടേതായ ഒരു വ്യവസ്ഥയുണ്ട്. അതിലൂടെ രൂപപ്പെടുത്തുന്ന ആന്തരികജ്ഞാനമാതൃകയുടെ അടിസ്ഥാനത്തിൽ കാര്യങ്ങളെ മനസ്സിലാക്കുന്നു. സ്ഥലപരമായ ബന്ധങ്ങളെക്കുറിച്ചുള്ള സങ്കല്പങ്ങൾ നമ്മുടെ സങ്കല്പനവ്യവസ്ഥയുടെ അടിസ്ഥാനമാണ്. സങ്കല്പനവ്യവസ്ഥ എന്നത് ആശയങ്ങളുടെ ഒരു ശേഖരമാണ്. ഇടം എന്ന സങ്കല്പം വ്യക്തമാകുന്നത് ഇത്തരത്തിലുള്ള സ്ഥലപരമായ ധാരണകളുടെ സഹായത്താലാണ്. അങ്ങനെയാണ് സ്വന്തം ശരീരത്തെയും മറ്റുള്ളവയെയും ഗ്രഹിക്കുന്നത്. ഏതൊരു വസ്തുവിനെ മനസ്സിലാക്കാനും ഇത് ആവശ്യമാണ്. സാമീപ്യവും ദൂരവും അടിസ്ഥാനമാക്കി ഒന്നിനെ തിരിച്ചറിയുന്നത് ഉദാഹരണമാണ്. ഇങ്ങനെ യുക്തിസഹമായി കാര്യങ്ങളെ അറിഞ്ഞതിനുശേഷം സമാനമായ സന്ദർഭങ്ങളിൽ, അമൂർത്തവും അതിഭൗതികവും ആയാൽപ്പോലും ഇതിന്റെ ബിംബശൃംഖല ഉപയോഗിക്കാൻ കഴിയുന്നു. അബോധത്തിലും പിന്നീട് ഇതു സ്വാഭാവികമായി നടക്കുന്നു. അങ്ങനെ ജനനം മുതൽ ശരീരത്തിലൂടെ നാം അറിവ് ആർജിച്ചു കൊണ്ടിരിക്കുന്നു.

മുകളിൽ സൂചിപ്പിച്ച ഉദാഹരണത്തിൽ, മുറി എന്നതിനെ ഒരു പാത്രവ്യവസ്ഥയുടെ അടിസ്ഥാനത്തിൽക്കൂടി നാം മനസ്സിലാക്കുന്നുണ്ടെന്ന് സൂചിപ്പിച്ചുവല്ലോ. അകം, പുറം, അതിർത്തി എന്നിങ്ങനെയുള്ള ഒരു ജ്ഞാനമാതൃകയെ രൂപീകരിച്ചിരിക്കുന്നതിനു പിന്നിൽ ഉടലറിവാണ് പ്രാഥമികമായി നിലനില്ക്കുന്നത്. കാരണം, ശരീരത്തെ നാം അകവും പുറവുമുള്ള ഒന്നായിട്ടാണു കാണുന്നത്. അടിസ്ഥാനപരമായി നാം ചെയ്യുന്ന ഒരു കാര്യമാണ് ശ്വാസം അകത്തേക്കു വലിക്കുക, പുറത്തേക്കു വിടുക എന്നത്. ഇതിലൂടെ ശരീരത്തെ അകവും പുറവുമായി മനസ്സിലാക്കിയിരിക്കുന്നു. 'അവൻ മുറിയിലാണ്' എന്ന ഉദാഹരണത്തിനു പകരം 'പൂച്ച മുറിയിലാണ്' എന്നായിരുന്നെങ്കിലും അത് ഉടലറിവിനെ മുൻനിർത്തിത്തന്നെ അർഥത്തിലേക്ക് എത്തിച്ചേരാൻ സഹായിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ഇത്തരത്തിൽ അകം-പുറം വിന്യാസക്രമത്തിന്റെ അടിസ്ഥാനത്തിൽ നിത്യജീവിതത്തിൽ മനസ്സിലാക്കിയെടുക്കുന്ന


ISSN: 2582 - 2594

കാര്യങ്ങളെക്കുറിച്ച് ജോൺസന്റെ പഠനത്തെ ചൂണ്ടിക്കാട്ടിക്കൊണ്ട് ലക്കോഫും ടർണറും (1989) വ്യക്തമാക്കുന്നുണ്ട്. പാത്രം, വീട്, പെട്ടി, മുറികൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ, നാട് എന്നു തുടങ്ങിയുള്ള ഭൗതികവസ്തുക്കൾ മുതൽ സ്നേഹം, രോഗം, ഭയം, പ്രണയം, ആശയങ്ങൾ എന്നിങ്ങനെ പലതിനെയും ഇതിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാം.

കാവ്യാത്മകചിന്തയിലും ദൈനന്ദിനചിന്തയുടെ സംവിധാനംതന്നെയാണ് ഉപയോഗിക്കുന്നത്. പക്ഷേ അവയെ വിപുലീകരിക്കുകയും വിശദീകരിക്കുകയും സാധാരണത്തിനപ്പുറമുള്ള രീതിയിൽ സംയോജിപ്പിക്കുകയും ചെയ്തുകൊണ്ടാണ്. ഈ രീതിതന്നെയാണ് വക്രോക്തിസങ്കല്പത്തിലൂടെ കുന്തകനും അവതരിപ്പിക്കുന്നത്. ഇവിടെ, ഓരോ വാക്കിനും പല തരത്തിലുള്ള ബിംബശൃംഖലകൾ രൂപീകരിക്കുകയും സന്ദർഭത്തിനും സമയത്തിനും അനുസരിച്ച് അനുയോജ്യമായവയുടെ സഹായത്താൽ അർഥത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. എന്നാൽ ഇവയെ ഒരൊറ്റ ജ്ഞാനമാതൃകയിൽ മനസ്സിലാക്കുകയും ചെയ്യുന്നു. ധൈഷണികവൃത്തികളിലൂടെ ജ്ഞാനമാതൃക മാറുന്നതനുസരിച്ച് അർഥവും മാറുന്നു. ജ്ഞാനമാതൃകയുടെ ഉള്ളിലെ ഓരോ ഘടകത്തിന്റെയും അനുബന്ധഘടകങ്ങളുടെയും ശൃംഖലകളെ ആശ്രയിച്ച് സങ്കല്പനലക്ഷകങ്ങൾ, ഉപാദാനലക്ഷണ, വസ്തുപശ്ചാത്തലബന്ധം, വർഗീകരണം, ഉത്തമധൈഷണികമാതൃക എന്നിങ്ങനെ പലതരം ധൈഷണികവൃത്തികളുടെ സഹായത്തോടെ അർഥത്തെ ആവിഷ്കരിക്കുന്നു. നമ്മുടെ ദൈനംദിനജീവിതം ബിംബശൃംഖലകളുടെ ഇത്തരം ഇടപെടലുകളാൽ നിറഞ്ഞിരിക്കുന്നു; ഒപ്പംതന്നെ അവ രൂപപ്പെടുത്തുന്ന ജ്ഞാനമാതൃകയുടെയും. ഉടലറിവിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന ജ്ഞാനമാതൃകയെ അടിസ്ഥാനമാക്കി വക്രോക്തിസിദ്ധാന്തത്തിലെ അർഥവിതരണത്തെക്കുറിച്ചാണ് തുടർന്നു വിശകലനംചെയ്യുന്നത്.

## II

കാവ്യത്തിന്റെ ആത്മാവ് വക്രോക്തിയാണെന്ന് സ്ഥാപിക്കുകയാണ് കുന്തകന്റെ വക്രോക്തിസങ്കല്പത്തിന്റെ സാരം. സാഹിത്യത്തിന്റെ സാരഭൂതമായ ചൈതന്യം വക്രോക്തി ആവണമെന്ന് കുന്തകൻ പറയുന്നു. കാവ്യത്തിന്റെ ആത്മാവ് വക്രോക്തിയാണ് എന്നു പറയുമ്പോൾ, ആത്മാവുണ്ടെങ്കിൽ അതിനു ശരീരവുമുണ്ടാകുമെന്ന വീക്ഷണത്തിൽ കാവ്യരൂപം ശരീരമാകുന്നു. ഇതിൽനിന്നും ആരംഭിക്കുകയാണ് വക്രോക്തിയും ഉടലറിവും തമ്മിലുള്ള ബന്ധം. "വക്രോക്തിയെന്നു പറയുന്നത് വിചിത്രമായ ഭാഷാപ്രയോഗംതന്നെയാണ്" (അച്യുതനുണ്ണി, 2009: 91) എന്നു പറയുന്ന കുന്തകൻ വിചിത്രം എന്നതുകൊണ്ട് അർഥമാക്കുന്നത് സുന്ദരം എന്നാണ്. സാഹിത്യത്തിലെ സുന്ദരമായ അഭിധ എന്ന അർഥത്തിലാണ് ഇതുള്ളത്. അതായത് സാമാന്യവ്യവഹാരത്തിൽ എല്ലാവർക്കുമറിയാവുന്ന ഭാഷാപ്രയോഗത്തിൽനിന്നും വ്യത്യസ്തമായി തികച്ചും സുന്ദരമായ ഭാഷാപ്രയോഗം. സാഹിത്യം എന്നാൽ അർഥമാണ്; അത് ഉടലറിവിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന ധൈഷണികതയിൽ അധിഷ്ഠിതമാണ്. അപ്പോൾ ഭാഷാർഥം സുന്ദരമാകുക എന്നാൽ ഉടൽ സുന്ദരമാകുക എന്നുതന്നെ അർഥം. സാഹിത്യത്തിന് രൂപവും ഭാവവുമുണ്ട്. രൂപത്തെ ലാക്ഷണികമായി ശരീരത്തോടും ഭാവത്തെ ആത്മാവിനോടും ചേർത്തുവായിക്കുന്ന രീതിയാണ് ഇന്ത്യൻ സാഹിത്യസിദ്ധാന്തങ്ങൾക്ക് അടിസ്ഥാനം. സവിശേഷമായ ഉടലായാണ് വക്രോക്തി ഉള്ളടങ്ങിയിരിക്കുന്ന ഭാഷയെ കുന്തകൻ അവതരിപ്പിക്കുന്നത്. വക്രത

എന്ന സങ്കല്പം വടിവൊത്ത ശരീരം എന്ന സങ്കല്പവുമായി ചേർന്നുനില്ക്കുന്നു. സാഹിത്യശരീരത്തെ സുന്ദരവും വടിവൊത്തതുമായ ഉടലാക്കുന്നത് വക്രതയാണ് എന്നുകാണാം. സഹൃദയർക്ക് ഹൃദയാഹ്ലാദം ഉളവാകുന്നത് ഈ വിധത്തിലുള്ള സുന്ദരമായ ശരീരത്തിൽനിന്നാണ്. കുന്തകന്റെ മറ്റു സങ്കല്പങ്ങളിലേക്കും വിവിധ വക്രതകളിലേക്കും കടക്കുമ്പോൾ ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നു. തുടർന്ന് അവ പരിശോധിക്കുന്നു.

കാവ്യത്തിന് അപൂർവമായ ഒരലങ്കാരം അണിയിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ് കുന്തകൻ വക്രോക്തിജീവിതം ആരംഭിക്കുന്നത്. "ലോകോത്തരചമത്കാരകാരിയായ വൈചിത്ര്യത്തിന്റെ സിദ്ധിക്കായി കാവ്യത്തിന് ഇതാ അപൂർവമായൊരലങ്കാരമണിയിക്കുന്നു" (അച്യുതനുണ്ണി, 2009:53) എന്നാണു പറയുന്നത്. അലങ്കാരങ്ങൾ അണിഞ്ഞു മനോഹരമാക്കുന്ന ഒരു ശരീരവുമായി ചേർത്ത് സങ്കല്പനം ചെയ്തുകൊണ്ടാണ് കുന്തകൻ ഇക്കാര്യം വ്യക്തമാക്കുന്നതെന്നു സ്പഷ്ടമാണ്. അലങ്കാരം എന്ന ശബ്ദം ശരീരത്തിന് ശോഭ വർദ്ധിപ്പിക്കുന്നതാണ് എന്നും തുടർന്നുവരുന്ന വൃത്തിയിലൂടെ കുന്തകൻ പറയുന്നുണ്ട്. "അലങ്കാരശബ്ദഃ ശരീരസ്യ ശോഭാതിശകാരിത്വാൻമുഖ്യതയാ കടകാദിഷു വർത്തതോ" (2009:54) എന്നാണത്. ഇത്തരത്തിൽ കാവ്യത്തിന്റെയും വക്രോക്തിയുടെയും സാമാന്യലക്ഷണം വ്യക്തമാക്കുമ്പോഴും കാവ്യത്തിൽ വ്യക്തമാക്കുന്ന വസ്തുവിന്റെ അല്ലെങ്കിൽ ആശയത്തിന്റെ സ്വഭാവം വ്യക്തമാക്കുമ്പോഴും വിവിധ തരത്തിലുള്ള കാവ്യങ്ങളെക്കുറിച്ചു പറയുമ്പോഴും ഉടലറിവിന്റെ പ്രകടമായ സ്വാധീനം കുന്തകനിൽ കാണാം. ഇതിനു കാരണം, സങ്കല്പനരൂപീകരണം എന്നത് ശരീരാധിഷ്ഠിതമാണ്. ശരീരത്തെ അടിസ്ഥാനമാക്കി മാത്രമേ നമുക്ക് ആശയങ്ങളെ രൂപപ്പെടുത്താൻ കഴിയൂ. അതുകൊണ്ടുതന്നെ ശരീരാധിഷ്ഠിതമായി നാം രൂപപ്പെടുത്തിയിരിക്കുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽമാത്രമേ ഈ ലോകത്തെയും മറ്റുള്ളവയെയും നമ്മെത്തന്നെയും മനസ്സിലാക്കാൻ കഴിയൂ.

കാവ്യത്തിൽ ആവിഷ്കരിക്കുന്ന വസ്തുവിനെക്കുറിച്ചു കുന്തകൻ പറയുന്ന ഭാഗം (2009:94–97) ഉടലറിവിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനാണ് തുടർന്നു ശ്രമിക്കുന്നത്. ഇവിടെ വസ്തു എന്നതുകൊണ്ടു വിവക്ഷിക്കുന്നത് കവിക്കു പറയാനുള്ള വിഷയം എന്നതാണ്. അതിന്റെ സ്വഭാവത്തെക്കുറിച്ചാണു വ്യക്തമാക്കുന്നത്. കവിക്കു പറയാനുള്ള വിഷയം തന്നെയാണു കാവ്യവും. അപ്പോൾ കാവ്യത്തിന്റെ സ്വഭാവത്തെ അലങ്കരിക്കുന്നതിനെക്കുറിച്ച് അല്ലെങ്കിൽ കാവ്യത്തെ അലങ്കരിക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. കാവ്യം ശരീരമായും ശരീരം വിവിധ ആഭരണങ്ങൾ ഉപയോഗിച്ച് അലങ്കരിക്കുന്നതുപോലെ വിവിധ വക്രതകൾക്കൊണ്ട് കാവ്യത്തെ അലങ്കരിക്കണമെന്നുമാണ് കുന്തകൻ പറയുന്നത്. മുകളിൽ സൂചിപ്പിച്ച ആശയം തന്നെയാണിത്. ഇവിടെ കുന്തകൻ പറയുന്നത് സ്വഭാവം ഇല്ലാത്ത വസ്തുക്കൾ ഇല്ല എന്നാണ്. ശബ്ദംകൊണ്ടു പ്രകാശിപ്പിക്കാൻ കഴിയുന്നതും ഒരാശയം ഉള്ളതുമാണ് ഭാവം. സ്വന്തം ഭാവം എന്നത് സ്വഭാവം ആകുന്നുവെന്ന് കുന്തകൻ പറയുന്നു (2009:95). വ്യക്തിയുടെ സ്വഭാവം എന്നതുപോലെ ഏതൊരു വസ്തുവിനെയും ആശയത്തെയും സംബന്ധിച്ചും സ്വഭാവമെന്നത് ആശയരൂപത്തിൽ ഗ്രഹിക്കാനും ശബ്ദംകൊണ്ടു പ്രകാശിപ്പിക്കാനും കഴിയുന്നതാണ് എന്നാണു കുന്തകൻ പറയുന്നത്. വർണ്യമായ ഏതൊരു വസ്തുവിന്റെയും സ്വഭാവത്തെയാണ് വർണിക്കപ്പെടുന്നതെന്ന നിലയിൽ വർണ്യശരീരം എന്നു പറയുന്നത്. ഈ അലങ്കാര്യത്തിനെയാണ് വക്രതകളാകുന്ന അലങ്കാരം ഉപയോഗിച്ച് മനോഹരമാക്കേണ്ടതെന്നാണ് കുന്തകൻ വ്യക്തമാക്കുന്നത്. ഇതുമായി


ISSN: 2582 - 2594

ബന്ധിപ്പിച്ചാണ്, ശരീരം അലങ്കാരമാണെങ്കിൽ അത് വേറെ എന്തിനെയാണ് അലങ്കരിക്കുന്നത് എന്നു കുന്തകൻ ചോദിക്കുന്നത്(2009:95). ഇതിനുള്ള മറുപടിയായി നല്കുന്നത് ഒരിടത്തും താൻതന്നെ തന്റെ തോളത്ത് കയറാറില്ല എന്നാണ്. ഇവിടെ സങ്കല്പനലക്ഷകങ്ങളിലൂടെയാണ് ഉടലറിവ് ഭാഷയിൽ ആവിഷ്കരിക്കപ്പെടുന്നത്. കാവ്യം അലങ്കരിക്കേണ്ടതാകുന്നു എന്നതിന്റെ അടിസ്ഥാനത്തിലുള്ള നിരൂഢലക്ഷകവും കാവ്യം സ്ത്രീശരീരമാകുന്നു എന്ന സങ്കല്പനലക്ഷകവുമാണ് അവ.

കാവ്യമാകുന്ന ശരീരം അലങ്കാര്യമാണെന്നും അത് ആഭരണങ്ങളണിഞ്ഞു സുന്ദരമായാൽ മാത്രമേ ഹൃദയാഹ്ലാദം ഉണ്ടാവുകയുള്ളൂ എന്നുമാണ് കുന്തകന്റെ പക്ഷം. അതിന്, കാവ്യശരീരത്തിലെ വിവിധ അവയവങ്ങളിൽ ചാർത്തേണ്ട പലതരം ആഭരണങ്ങളാണ് വക്രതാഭേദങ്ങൾ. സർവാഭരണ വിഭൂഷിതകളാകുന്നത് സ്ത്രീകളാണെന്ന പൊതുബോധത്തിൽനിന്ന് ഇവിടെ പരാമർശിക്കുന്ന ശരീരം, സ്ത്രീശരീരമാണെന്ന് അനുമാനിക്കാം. കുന്തകൻ അവതരിപ്പിക്കുന്ന പല ആശയങ്ങളിലും നടക്കുന്ന ധൈഷണികവ്യാപാരങ്ങളിൽ സ്ത്രീശരീരത്തിന്റെ അടിസ്ഥാനത്തിലുള്ള സങ്കല്പനമുണ്ട്. മൂന്നുതരത്തിലുള്ള കാവ്യത്തിന്റെ മാർഗങ്ങളെക്കുറിച്ചു പറയുന്ന സന്ദർഭത്തിൽ ഇതു കൂടുതൽ വ്യക്തമാണ് (2009:137-63). സുകുമാരമാർഗത്തിന്റെ ഗുണങ്ങളെക്കുറിച്ചു പറയുന്ന വേളയിൽ ലാവണ്യം, ആഭിജാത്യം എന്നിങ്ങനെയുള്ള കാര്യങ്ങൾ പറയുന്നു. ഇവ രണ്ടും തരുണീലാവണ്യത്തിന്റെ ധർമ്മങ്ങളാണെന്നു പറഞ്ഞുതുടങ്ങുന്ന കുന്തകൻ(2009:160) തുടർന്നുവരുന്ന നിരവധി ആശയങ്ങളെ ഒരു സ്ത്രീ ഉടലുമായി ചേർത്ത് സങ്കല്പനംചെയ്തിരിക്കുന്നു. അംഗനമാരുടെ ലാവണ്യത്തോടു പ്രതീയമാനമായ അർഥത്തിനു സാമ്യമുണ്ട് എന്നാണു കുന്തകൻ പറയുന്നത്. ആനന്ദവർദ്ധനന്റെ കാരികയുടെ സഹായത്താൽ ഇക്കാര്യം കുന്തകൻ വ്യക്തമാക്കുന്നത്: "വൈദഗ്ധ്യത്തോടെ ഭംഗിയായി അണിയിച്ചൊരുക്കപ്പെട്ട സുന്ദരിയുടെ രാമണീയകത്തിന് ലാവണ്യമെന്നു പറയാറുള്ളതുപോലെ കാവ്യത്തിൽ കവിയുടെ പ്രതിഭാകൗശലംകൊണ്ടു മിനുങ്ങുന്ന കാന്തിയാൽ കമനീയമായ ഘടനാസൗന്ദര്യത്തിനു ഹൃദയചമത്കാരകാരിയെന്ന സാമാന്യാർഥത്തിലുള്ള ഉപചാരത്തെ (ലക്ഷണയെ) അടിസ്ഥാനപ്പെടുത്തി ലാവണ്യമെന്നല്ലാതെ മറ്റൊരു പേരും പറയാനില്ല" (2009:160) എന്നാണ്.

ഇത്തരത്തിൽ സുകുമാരം, വിചിത്രം, ഉഭയാത്മകം എന്നീ മൂന്നു മാർഗങ്ങളുടെയും ഗുണങ്ങളായി പറയുന്ന കാര്യങ്ങളെ കുന്തകൻ ഉടലുമായി ബന്ധിപ്പിച്ചാണ് അവതരിപ്പിക്കുന്നത്. കോമളത്വം, ഓജസ്സ്, പ്രസാദം, ലാവണ്യം, മാധുര്യം എന്നിങ്ങനെയുള്ള ഗുണങ്ങൾ ഉദാഹരണങ്ങളാണ്. 'വിചിത്രമാർഗത്തിൽ അലങ്കാരങ്ങൾ അലങ്കരിക്കേണ്ടത് എന്ന രീതിയിൽ കാമിനീശരീരത്തെ തന്റെയും പ്രഭാപ്രസരത്താൽ മറച്ചുകൊണ്ട് ആഭരണങ്ങൾ അലങ്കരിക്കുന്നപോലെ ഉപമ മുതലായ അലങ്കാരങ്ങൾ കാവ്യത്തെ അലങ്കരിക്കുന്നു' (2009:160) എന്നു പറയുന്നു. ഇവിടെ അലങ്കാരത്തിന്റെ മഹിമയെ എടുത്തുകാട്ടി അത് അത്യധികം ശോഭയോടെ തനതായ സൗന്ദര്യാതിശയത്തോടെ ഉള്ളിൽ കുടികൊള്ളുന്ന അലങ്കാര്യത്തെ(ശരീരത്തെ) പ്രകാശിപ്പിക്കുന്നു എന്നു വ്യക്തമാക്കാനാണ് കാമിനിയുടെ ഉടലാകെ മൂടിനില്ക്കുന്ന ആഭരണങ്ങൾ എന്നതിനെ ഉപയോഗിക്കുന്നത്. സുകുമാരത്തിന്റെയും വിചിത്രത്തിന്റെയും സൗന്ദര്യം ഒരുപോലെ വർത്തിക്കുന്നതും വ്യത്യസ്ത അഭിരുചിയുള്ളവർക്കുകൂടി മനം കവരുന്നതുമായിട്ടാണ് മൂന്നാമത്തെ മാർഗത്തെ കുന്തകൻ വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ സുകുമാരത്തിലും

വിചിത്രത്തിലും പ്രകടമാകുന്ന ഉടലറിവ് ഈ മധ്യമമാർഗത്തിലും പ്രകടമാണ്(2009:190). ഇപ്രകാരം മൂന്ന മാർഗങ്ങളുടെയും ലക്ഷണം സാമാന്യമായി സൂചിപ്പിക്കുമ്പോഴും വക്രോക്തി യെന്ന ആശയത്തെക്കുറിച്ച് വ്യക്തമാക്കുമ്പോഴും പല തരത്തിലുള്ള ഉടലറിവ് വക്രോക്തിസി ദ്ധാന്തത്തിൽ പ്രകടമാണ്.

ഈ പ്രബന്ധത്തിൽമുമ്പ് സൂചിപ്പിച്ച ഉദാഹരണങ്ങൾ പരിശോധിച്ചാൽ അവിടെ, കാവ്യ മാകുന്ന ശരീരത്തെ അലങ്കരിക്കുന്ന ആഭരണങ്ങളാകുന്ന വക്രതകൾ എന്ന ലക്ഷകമുപയോ ഗിച്ചാണ് ആശയങ്ങളെ പൊതുവായിട്ട് വ്യക്തമാക്കുന്നത് എന്നുകാണാം. കാവ്യത്തിനുള്ളിൽ വരുന്ന വക്രതകൾ എന്ന നിലയ്ക്ക് പാത്രവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇവിടെ അർഥം ഉണ്ടാവുന്നത്. അതായത് കാവ്യത്തിനുള്ളിൽ മനോഹാരിതയ്ക്കുവേണ്ടി അവശ്യം ഉണ്ടാവേണ്ട വക്രതകൾ എന്നുവരുന്നു. ഇതിലൂടെ കാവ്യത്തെ ഒരു പാത്രമായും അതിനുള്ളിലുള്ള ഒന്നായിട്ട് വക്രതയെയും മനസ്സിലാക്കിയെടുക്കുന്നു. അതായത്, അകം- പുറം- അതിർത്തി അടിസ്ഥാ നമായി വരുന്ന ബിംബശൃംഖല ഉപയോഗിച്ച് ഉടലറിവിൽ അധിഷ്ഠിതമായി കാര്യങ്ങളെ അവതരിപ്പിക്കുന്നു. ഇത്തരത്തിൽ അകം- പുറം- അതിർത്തി എന്ന പാത്രവ്യവസ്ഥയുടെ അടി സ്ഥാനത്തിൽ കാവ്യത്തിലെ വക്രതകളെ മനസ്സിലാക്കിയിരിക്കുന്നതും അത് ഉടലറിവുമായി ബന്ധപ്പെട്ടിരിക്കുന്നതിനെയുമാണ് തുടർന്ന് പട്ടികയിൽ സൂചിപ്പിക്കുന്നത്.

| സങ്കല്പം | ഉദാഹരണങ്ങൾ | ബിംബശൃംഖല | ഉടലറിവ് |
|---|---|---|---|
| കാവ്യത്തിൽ അവശ്യം ഉണ്ടാവേണ്ട വക്രതകൾ | 1. കാവ്യത്തിന്റെ ആത്മാവ് വക്രോക്തി | പാത്രവ്യവസ്ഥ: അകം- പുറം- അതിര് | കാവ്യം പാത്ര(ശരീരം)മാകുന്നു |
| | 2. കാവ്യത്തിന്റെ ആഭരണങ്ങളാണ് വക്രതകൾ | | |
| | 3. കാവ്യത്തിനുള്ളിലെ വസ്തുവിനെ അലങ്കരിക്കുന്നത് | | |

ഇവിടെ കാവ്യത്തിനുള്ളിൽ വരേണ്ടത് എന്നു പറയുന്ന വക്രതകൾ ഒരു പാത്രവ്യവസ്ഥ യുടെ അടിസ്ഥാനത്തിലുള്ളതാണ്. അകം- പുറം- അതിർത്തി എന്ന പാത്രവ്യവസ്ഥയുടെ ബിംബശൃംഖല വരുന്ന ഈ ഉദാഹരണങ്ങളെല്ലാം കാവ്യത്തെ ഒരു ശരീരമായി സങ്കല്പനം ചെയ്യുന്നതിലൂടെ മനസ്സിലാക്കിയെടുക്കുന്നതാണ്.

ഭാഷയിൽ ആധാരത്തെ കുറിക്കുന്ന '-ഇൽ' പ്രത്യയം ഉപയോഗിക്കുന്ന എല്ലാ കാര്യങ്ങളെ യും ഈ ജ്ഞാനമാതൃകയുടെ അടിസ്ഥാനത്തിലാണ് നാം മനസ്സിലാക്കുന്നത്. ആശയം പുറത്തോ അതിർത്തിയിലോ ആയിരുന്നാലും ജ്ഞാനമാതൃക ഇതുതന്നെയായിരിക്കും സ്വീകരിക്കുക. ബിംബവ്യവസ്ഥ എന്നത് ഇവിടെ പ്രധാനമാണ്. ഓരോ അർഥത്തെയും രൂപപ്പെടുത്തുന്നതിനു

 ISSN: 2582 - 2594

പിന്നിലും പല തരത്തിലുള്ള ബിംബവ്യവസ്ഥകളായിരിക്കും പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ, പരമ്പരാഗത സിദ്ധാന്തങ്ങളെ എതിർത്തുകൊണ്ട്, ശരീരവും ലോകവും തമ്മിൽ നടത്തുന്ന ഇടപെടലുകളിൽനിന്നാണ് അർഥം ഉണ്ടാകുന്നത് എന്ന് ധൈഷണികാർഥപഠനം വാദിക്കുന്നു. അസ്തിത്വം, സവിശേഷത, ബന്ധം എന്നിങ്ങനെ മൂന്നു കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ലോകത്തിലുള്ളതെല്ലാം സ്ഥിതിചെയ്യുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽക്കൂടിയാണിത്.

ധൈഷണികശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട മൂന്നു കണ്ടെത്തലുകൾ ഇതിന്റെയെല്ലാം പിന്നിൽ അടിസ്ഥാനമായി വർത്തിക്കുന്നു:

1. മസ്തിഷ്കം ഉടലറിവിൽ അന്തർലീനമാണ്

2. ചിന്ത മിക്കവാറും അബോധാത്മകമാണ്

3. അമൂർത്തമായ ആശയങ്ങൾ അധികവും ലക്ഷകാത്മകമാണ്(Lakoff, Mark Johnson, 1999:14) എന്നിവയാണവ. കുന്തകൻ അവതരിപ്പിക്കുന്ന വിവിധതരം വക്രതകളിലും ഉടലറിവിന്റ അടിസ്ഥാനത്തിലാണ് സങ്കല്പനം നടക്കുന്നത്. ഒരു പ്രബന്ധത്തിന്റെ സ്ഥലപരമായ പരിമിതിയെക്കൂടി കണക്കിലെടുത്തുകൊണ്ട് വർണവിന്യാസവക്രതകളിലെ ഉടലറിവിനെക്കുറിച്ച് ചുവടെ വിശദമാക്കുന്നു.

III

**വർണവിന്യാസവക്രതകളിലെ ഉടലറിവ്**

വർണങ്ങളുടെ പല തരത്തിലുള്ള വിന്യാസത്താലാണ് വർണവിന്യാസവക്രത ഉണ്ടാകുന്നത്. അക്ഷരങ്ങളെ വിശേഷരൂപത്തിൽ ചേർത്തുവയ്ക്കലാണിത്. ഒരു വർണമോ രണ്ടു വർണമോ രണ്ടിലധികം വർണങ്ങളോ അടുത്തടുത്ത്, ഒന്നിടവിട്ട്, അകന്നകന്ന് എന്നിങ്ങനെ പല തരത്തിൽ ഇതു സംഭവിക്കാം. ഇവിടെ വർണങ്ങളെ വീണ്ടും വീണ്ടും ചേർത്തുവയ്ക്കുന്നതിൽ അകലെ- അടുത്ത് എന്നിങ്ങനെയുള്ള സ്ഥലപരമായ ധാരണ അടിസ്ഥാനതലമായി വർത്തിക്കുന്നു. ഉദാഹരണമായി രണ്ടു വർണങ്ങൾ അടുത്തിരിക്കുകയും മറ്റുവർണങ്ങൾക്കുശേഷം കുറച്ചകലെ വീണ്ടും അടുത്തിരിക്കുകയും ഈ പ്രക്രിയ ആവർത്തിക്കുകയും ചെയ്യുമ്പോൾ അതു വർണവിന്യാസവക്രതയുടെ ഒരു ഭേദമായി. ഒരു വർണമായാലും രണ്ടിലധികം വർണം ആയാലും ഇതുതന്നെയാണ് അടിസ്ഥാനം. അത് സ്ഥലപരമായ ധാരണയുടെ അടിസ്ഥാനത്തിലാണുള്ളത്. ഇത് ഉടൽബോധത്തിൽ അധിഷ്ഠിതവുമാണ്. ഉടലറിവിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന വർണവിന്യാസവക്രതയെയാണ് തുടർന്ന് ചിത്രീകരിച്ചിരിക്കുന്നത്.

ഇവിടെ അടിസ്ഥാനതലമായി നില്ക്കുന്ന സ്ഥലം എന്ന സങ്കല്പത്തെ ശരീരത്തെ അടിസ്ഥാനമാക്കി അകലെ- അടുത്ത് എന്നിങ്ങനെ മനസ്സിലാക്കിയിരിക്കുന്നു. ഇതുപോലെതന്നെയാണ് മുകളിൽ- കീഴെ, മുൻ- പിൻ, ഇടത്- വലത്, കേന്ദ്രം- അതിർത്തി എന്നിങ്ങനെയുള്ള സ്ഥലപരമായ ധാരണകളെയും മനസ്സിലാക്കി വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട ബിംബശൃംഖലകളുടെ സഹായത്തോടെ ഓർമ്മയിൽ സൂക്ഷിക്കുന്നത്. അബോധാവസ്ഥയിൽപ്പോലും ഇത്തരത്തിലുള്ള സ്ഥലപരമായ ധാരണകളെ അടിസ്ഥാനമാക്കിയുള്ള ബിംബശൃംഖലകൾ

ഉപയോഗിക്കുന്നു. ബഹുഭ്രരിപക്ഷം വരുന്ന അർഥവും നാം ബോധപൂർവ്വമല്ല ആർജിക്കുന്നതെന്നാണ് ധൈഷണികശാസ്ത്രം വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ ഉടലറിവിലൂടെ നേടിയെടുക്കുന്ന ഇത്തരം ബിംബശൃംഖലകൾ ഉപയോഗിച്ച് അർഥം രൂപപ്പെടുന്നത് ബോധത്തിലോ അബോധത്തിലോ ആകാവുന്നതാണ്. ശരീരത്തെ അടിസ്ഥാനമാക്കി മുന്നിൽ, പിന്നിൽ, അകലെ, അടുത്ത് എന്നിങ്ങനെയുള്ള നിരവധി അറിവുകളെയാണ് പിന്നീട് വിവിധ വസ്തുക്കളെയും ആശയങ്ങളെയും സംഭവങ്ങളെയും മറ്റുമായി ബന്ധിപ്പിച്ചുകൊണ്ട് അർഥത്തിലേക്ക് എത്തിച്ചേരുന്നതിന് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ ശരീരാധിഷ്ഠിതമായി നാം ആർജ്ജിച്ച അകലെ- അടുത്ത് എന്ന ബിംബശൃംഖലയുടെ അടിസ്ഥാനത്തിലുള്ള ആന്തരികജ്ഞാനമാതൃക വർണവിന്യാസവക്രതയുടെ അർഥഗ്രഹണത്തിൽ ആവശ്യമായി വരുന്നു. ശരീരാധിഷ്ഠിതമായി നാം ആർജിക്കുന്ന സ്ഥലപരമായ ധാരണകളെ വ്യക്തമാക്കുന്ന ചിത്രമാണ് ചുവടെ ചേർക്കുന്നത്. തുടർന്നു കുന്തകൻ വ്യക്തമാക്കുന്ന വിവിധ വക്രതകൾക്കും അടിസ്ഥാനം ഈ ഉടൽബോധമാകുന്നു.

സ്ഥലപരമായ ഇത്തരം ബന്ധങ്ങളെക്കുറിച്ചുള്ള സങ്കല്പങ്ങൾ നമ്മുടെ സങ്കല്പനവ്യവസ്ഥയുടെ അടിസ്ഥാനമാണ്. ഇടം എന്ന ആശയത്തിന് അർഥം നല്കുന്നതിന് ഇതു പ്രധാനമാകുന്നു. ഏതൊരു വസ്തുവിനെ മനസ്സിലാക്കുന്നതിലും ഇത് പ്രവർത്തിക്കുന്നുണ്ട്. വീടിനു മുന്നിൽ നില്ക്കുന്ന മരം, റോഡിന്റെ വശങ്ങൾ, പറമ്പിനു നടുവിലെ കുളം എന്നിങ്ങനെ അടിസ്ഥാന കാര്യങ്ങളിൽനിന്നും സങ്കീർണതകളിലേക്കും അമൂർത്ത ആശയങ്ങളിലേക്കും വരെ ഇത്തരം ബിംബശൃംഖലകൾ ഉപയോഗിക്കുന്നു.

**ഉപസംഹാരം**

കാവ്യത്തിലെ വക്രത എന്നത് ശരീരത്തിന്റെ സൗന്ദര്യമായാണ് കുന്തകൻ സങ്കല്പനംചെയ്തിരിക്കുന്നത് എന്നു വിശകലനത്തിലൂടെ വ്യക്തമാണ്. പൊതുവെ ശരീരം സൗന്ദര്യമുള്ളതാണ് എന്നു പറയുന്നതിന്റെ അടിസ്ഥാനം വടിവൊത്തതാണ് എന്നാണ്. ഇവിടെ വടിവൊത്തത് എന്നതിനു സമാനമായാണ് കുന്തകൻ വക്രമായത് എന്ന സങ്കല്പത്തിലേക്ക് എത്തിച്ചേരുന്നത്. വക്രമായ കാവ്യത്തിലൂടെ മാത്രമേ സഹൃദയർക്ക് ആസ്വാദനതലത്തിൽ എത്താൻ കഴിയുകയുള്ളൂ. ഇതിനുവേണ്ടി എഴുത്തുകാർ പരിശ്രമിക്കുന്നതിനെക്കുറിച്ചാണ് കുന്തകൻ വക്രോക്തിസങ്കല്പത്തിലൂടെ വ്യക്തമാക്കാൻ ശ്രമിച്ചത്. ഇവിടെ കുന്തകൻ വായനക്കാർക്കു നല്കുന്ന പ്രാധാന്യം വ്യക്തമാണ്. വടിവ് അല്ലെങ്കിൽ അഴകായി കാവ്യത്തിലെ വക്രോക്തിയെ കുന്തകൻ സങ്കല്പനം ചെയ്തിരിക്കുന്നു. ഇത് സാഹിത്യത്തിൽ അവശ്യം ഉണ്ടാവേണ്ടതായതുകൊണ്ട് വക്രതകളെ കാവ്യത്തിന്റെ ആത്മാവായിട്ടുകൂടി അവതരിപ്പിക്കുന്നു. അങ്ങനെയാണ് വക്രോക്തിജീവിതം എന്ന ഗ്രന്ഥനാമം ഉണ്ടാകുന്നത്. കാരണം, ആത്മാവില്ലാതെ ജീവിതം ഇല്ല. ശരീരത്തിൽനിന്നും ആത്മാവ് നഷ്ടപ്പെടുന്നതോടുകൂടി അത് മൃതമായിത്തീരും. അതുതന്നെയാണ് വക്രതകളില്ലാത്ത കാവ്യത്തിന്റെ അവസ്ഥയും എന്നാണ് കുന്തകൻ പറയുന്നത്. കാവ്യത്തിൽനിന്നും വായനക്കാർക്ക് രസാനുഭൂതി ഉണ്ടാവണമെങ്കിൽ അത് വക്രതകളിലൂടെ മാത്രമേ കഴിയൂ എന്ന് സിദ്ധാന്തത്തിലൂടെ കുന്തകൻ പറയുന്നു. അതിനായി കാവ്യത്തിൽ അവശ്യം ഉണ്ടാവേണ്ട വിവിധ വക്രതകളെക്കുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ചും പറഞ്ഞിരിക്കുന്ന കുന്തകൻ,

അവയെ വ്യക്തമാക്കാൻ ഉപയോഗിച്ചിരിക്കുന്ന സങ്കല്പനങ്ങളിലെ ഉടലറിവിനെ വിശകലനം ചെയ്യാനാണ് പ്രബന്ധത്തിലൂടെ ശ്രമിച്ചത്. അതിലൂടെ വക്രോക്തിസിദ്ധാന്തം ഉടലറിവിൽ അധിഷ്ഠിതമായ സങ്കല്പനങ്ങളുടെ ആവിഷ്കാരമാണെന്നും ഓരോ വക്രതാസങ്കല്പനത്തിന്റെയും പിന്നിൽ പ്രവർത്തിക്കുന്ന ജ്ഞാനബിംബവ്യവസ്ഥ ഉടലറിവിലൂടെ ആർജ്ജിച്ചെടുക്കുന്നതാണെന്നും വ്യക്തമാകുന്നു. അതുകൊണ്ടുതന്നെ വക്രോക്തി എന്നത് ഉടലറിവിന്റെ ആവിഷ്കാരമാണെന്നു കാണാനാകും.

## ഗ്രന്ഥസൂചി


അച്യുതനുണ്ണി, ചാത്തനാത്ത്. 2009. വക്രോക്തിജീവിതം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

ഉണിത്തിരി, എൻ. വി. പി. 2001. വക്രോക്തി: കാവ്യജീവിതം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കുഞ്ചുണ്ണിരാജ, കെ. 2018. അർഥം ഭാരതീയസിദ്ധാന്തങ്ങൾ, കെ. എം. രവീന്ദ്രൻ(വിവ. ). ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

ഗിരീഷ്, പി. എം. 2019: "അഞ്ചു ശരീരങ്ങളും സർവനാമങ്ങളും", താപസം, ചങ്ങനാശ്ശേരി: താരതമ്യ പഠന സംഘം, പു. 3-4.

ഗിരീഷ്, പി. എം. 2020. "ധൈഷണിക കാവ്യശാസ്ത്രം: വായനയുടെ സൗന്ദര്യശാസ്ത്രം", സാഹിത്യലോകം, കേരള സാഹിത്യ അക്കാദമി, ജൂൺ, പു. 17.

Johnson, Mark. 1987. The Body in the Mind, The Bodily Basis of Meaning, Imagination and Reason. Chicago and London: The University of Chicago Press.

Johnson, Mark. 2017. Embodied Mind, Meaning and Reason, How our Bodies Give Rise to Understanding. Chicago and London: The University of Chicago Press.

Lakoff, George and Mark Johnson. 1999. Philosophy in the Flesh: The Embodied Mind and it's Challenge to Western Thought. New York: Basic Books.

Lakoff, George and Mark Turner. 1989. More than cool Reason, A Field Guide to Poetic Metaphor. Chicago and London: University of Chicago Press.

Stockwell, Peter. 2002. Cognitive Poetics An Introduction. London and New York: Routledge.